# ആഘോഷിക്കാനെത്തുന്നവർ പ്ലാച്ചിമടയുടെ പട്ടിണി കാണുന്നില്ല : വേലുച്ചാമി

ചിറ്റൂർ ഷണ്മുഖദാസ്


സമരസമിതി മുഖ്യ പ്രവർത്തകൻ കെ. വേലുച്ചാമി

**കോളവിരുദ്ധ** സമരപ്പന്തലിലെ സജീവ സാന്നിദ്ധ്യമായ വിജയനഗർ വേലുച്ചാമിയുടെ ലക്ഷ്യം, തന്റെ ഗ്രാമത്തിന്റെ നട്ടെല്ല് ചവിട്ടിയൊടിച്ച കോള ഭീമന്റെ പതനം കാണുകയെന്നതു മാത്രമാണ്. മീനാക്ഷിപുരത്തെ ഒരു സിനിമ തിയേറ്ററിൽ ഓപ്പറേറ്ററായി ജോലി ചെയ്തുവന്നിരുന്ന വേലുച്ചാമി സ്വന്തം വീട്ടിലെ കിണറിലെ ശുദ്ധജലം മലിനീകരിക്കപ്പെട്ടതോടെയാണ് സമരത്തിന്റെ മുൻനിരയിലേക്ക് എത്തിപ്പെട്ടത്. അതിജീവന സമരത്തിനുവേണ്ടി സ്വന്തം തൊഴിൽ ഉപേക്ഷിക്കേണ്ടിവന്ന വേലുച്ചാമിക്ക് പറയാനുള്ളത് കേൾക്കുക.

"ഞങ്ങളുടെ വെള്ളവും മണ്ണും മലിനീകരിക്കുന്ന ഈ ബഹുരാഷ്ട്ര കുത്തക കമ്പനിയോട് എനിക്കൊന്നേ പറയാനുള്ളൂ. ഞങ്ങൾക്ക് നഷ്ടപ്പെട്ടതെല്ലാം തിരിച്ചു നൽകി പ്ലാച്ചിമടയോട് സലാം പറയുകയെന്നതാണത്. ഇവിടത്തെ ഭാവി തലമുറയോട് കരുണ കാണിക്കാൻ വീണ്ടും തുറന്ന് പ്രവർത്തിക്കാതിരിക്കുക. സർക്കാർ ഈ വിഷയത്തിൽ മൗനം കൈവിട്ട് ഉറച്ച ഒരു തീരുമാനത്തിലെത്തുക.

ഗത്യന്തരമില്ലെങ്കിൽ മുഖ്യമന്ത്രിയുടെ വീട്ടുപടിക്കൽ ഇതിനായി സമരം നടത്തും. ശരദ്പവാർ അദ്ധ്യക്ഷനായ ജെ.പി.സി. യുടെ മൗനം കോള നൽകിയ കോടികളാണെന്ന് വിശ്വസിക്കുന്നു. സ്വന്തം ജീവരക്ഷയ്ക്കായി പാർലിമെന്റിൽ കോള പാനീയങ്ങൾ നിരോധിച്ചവർ. ഇന്ത്യയിലെ കോടി ജനങ്ങൾ വിഷപാനീയം കുടിച്ച് ചാകട്ടെയെന്നാണോ ഇവർ പറയുന്നത്. സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടിയ പാർട്ടിക്കാർ ഇന്ത്യ ഭരിക്കുന്നു. എന്നിട്ടും വിദേശ കുത്തക കമ്പനിയായ കോള-പെപ്സിക്കെതിരെ നടപടിയെടുക്കാൻ ഇവർ എന്തിനാണ് മടിക്കുന്നത്.

ഗാന്ധിജി വിഭാവനം ചെയ്ത സമരമുറകൾ പിൻതുടർന്നാണ് ഞങ്ങൾ 1000-ാം ദിവസം പൂർത്തിയാക്കിയത്. എന്നിട്ടും ഓരോ സമരഭടന്മാരും അഞ്ചും ആറും കേസുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്.

സമരം നടത്തുന്ന കുടുംബങ്ങളുടെ വീട്ടിൽ ഒരു നേരം കഞ്ഞി കുടിക്കാനുള്ള വക പോലുമില്ല. പണികളൊന്നുമില്ല. സമരപ്പന്തൽ വിട്ട് ദൂരസ്ഥലങ്ങളിൽ പണികൾക്കായി പോവാനും കഴിയില്ല. സമരവുമായി ബന്ധപ്പെട്ട് വലിയ ആഘോഷങ്ങൾ നടത്തുന്നത് അനാവശ്യമാണ്. ഇപ്പോൾതന്നെ ആഗോളതലത്തിൽ പ്ലാച്ചിമട സമരം ഉയർന്നു കഴിഞ്ഞു. ഞങ്ങളിന്നും പട്ടിണി കിടക്കുന്നു.

ഞങ്ങളുടെ കുട്ടികളെയും സ്ത്രീകളെയും മാറാരോഗങ്ങൾ വിടാതെ പിടികൂടുന്നു. ഞങ്ങൾക്ക് പണം കൊടുത്ത് ചികിത്സ നടത്തുവാൻ ശേഷിയില്ല. ആകെയുള്ള നന്ദിയോട് ആശുപത്രിയിൽ ചെന്നാൽ പ്ലാച്ചിമടക്കാരാണെന്നറിഞ്ഞാൽ ജില്ലാശുപത്രിയിലേക്ക് റഫർ ചെയ്ത് വിടും. സമരവുമായി ബന്ധപ്പെട്ട ഓരോ ആഘോഷവും ഞങ്ങളെ ദുർബലരാക്കിക്കൊണ്ടിരിക്കുന്നു.

ചില രാഷ്ട്രീയക്കാരുടെ ഇരട്ടമുഖം വെളിപ്പെട്ടുകഴിഞ്ഞു. വോട്ടിനുവേണ്ടി സമരത്തിന് പിൻതുണ, കോളനികളിലെത്തി സമരം അവസാനിപ്പിക്കുവാൻ ഭീഷണി ഇതൊക്കെ ഞങ്ങൾ ആദിവാസികൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. കളത്തിലിറങ്ങിക്കഴിഞ്ഞു. ഇനി ജയിച്ചു കയറുക ഇതാണ് ലക്ഷ്യം." - വേലുച്ചാമി പറയുന്നു.


**കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക**

• സാമ്പത്തിക പതിപ്പ് / ധനകാര്യ സ്ഥാപനങ്ങൾ • മഴ-അറിവ്, അനുഭവം • കുടുംബം, ലൈംഗികത • കൃഷി • സഹകരണമേഖലയിലെ വർത്തമാനം • ഇക്കോടൂറിസം : ഭാവി • ആയുർവ്വേദത്തിന്റെ ആരോഗ്യം • മനുഷ്യബോധമെന്ന അത്ഭുതം

**ഏതാനും കോപ്പികൾ കൂടി വില്പനയിൽ**

**പ്ലാച്ചിമട സമരം - പ്രത്യേക പതിപ്പ്**



മയിലമ്മ, വേലൂർ സ്വാമിനാഥൻ, ആനന്ദ്, അഡ്വ. രാംകുമാർ, വിളയോടി വേണുഗോപാൽ, ആറുമുഖൻ പത്തിച്ചിറ, എസ്. വിജയകുമാർ, ആർ. അജയൻ, സി.ആർ. നീലകണ്ഠൻ, ഡോ. രാമദാസ്, ഡോ. കെ. അരവിന്ദാക്ഷൻ, കെ.ആർ. ഇന്ദിര, സി.ആർ. ബിജോയ്, ദിവ്യ കെ., ചിറ്റൂർ ഷണ്മുഖദാസ്, മുസ്തഫ ദേശമംഗലം, എം.പി. വീരേന്ദ്രകുമാർ, രഞ്ജിനി, സ്നേഹ എസ്., എൻ.പി. ജോൺസൺ, പ്ലാച്ചിമട സുഹൃദ് സംഘം തുടങ്ങിയവർ.

**അഭിമുഖം, പഠനം, ലേഖനം, വിശകലനം**

പേജ് 72, വില 15 രൂപ

**കേരളീയം സാന്ത്വനം പ്രത്യേക പതിപ്പ്**



സാന്ത്വനം പ്രത്യേക പതിപ്പ്.

ഗസ്റ്റ് എഡിറ്റർ : ഡോ.സുരേഷ്കുമാർ. പേജ് 68 വില 15 രൂപ.

തപാലിൽ ലഭിക്കും. കോപ്പികൾക്ക് 15 രൂപ എം.ഒ./പി.ഒ./തപാൽ സ്റ്റാമ്പ് അയയ്ക്കുക. കേരളീയം, കൊക്കാലെ, തൃശ്ശൂർ-21. ഫോൺ: 0487 2421385, 9447674375